# വി. ചാവറപിതാവിനോടുള്ള നൊവേന

കാലാകാലങ്ങളിൽ വിശുദ്ധരെ നല്കി സഭയെയും ലോകത്തെ അനുഗ്രഹിക്കുകയും നയിക്കുകയും ചെയ്യുന്ന അനുഗ്രഹവാരിധിയായ തന്റെ കാലഘട്ടത്തിന്റെ ധീരവ്യക്തിത്വമായി വിശുദ്ധിയുടെ നിറദീപമായി ജീവിതം കഴിച്ച വി. ചാവറപിതാവിനെക്കുറിച്ച് ഞങ്ങൾ അങ്ങയോട് നന്ദി പറയുന്നു. ദീർഘവീക്ഷണത്തോടെ കർമ്മകുശലതയോടെ തനിക്കുലഭിച്ച പരിശുദ്ധാത്മ പ്രചോദനങ്ങളോട് ക്രിയാത്മകമായി പ്രതികരിച്ചവൻ; ഈശോമിശിഹായുടെ മണവാട്ടിയായ തിരുസഭയുടെ മഹത്വത്തിനായുള്ള ശുഷ്കാന്തിയാലെരിഞ്ഞവൻ; വി. ചാവറപിതാവ് മലങ്കരസഭയെ ഗ്രസിക്കുവാനൊരുമ്പെട്ട ശീശ്മയോട് സുധീരം പോരാടുകയും ഐക്യരൂപ്യമില്ലാതെയിരുന്ന പള്ളി ശുശ്രൂഷാവിധികളെല്ലാം ശ്ലാഘനീയമാം വണ്ണം ക്രോഡീകരിച്ച് ഏകരീതിയിലാക്കി നടപ്പിൽ വരുത്തുകയും മലങ്കരസഭയുടെ ശക്തികേന്ദ്രമായി ഒരു തദ്ദേശീയ സന്യാസസഭയെ ഇവിടെ നട്ടുവളർത്തി പാലിക്കുകയും ചെയ്തുകൊണ്ട് കേരളകത്തോലിക്കാസഭക്ക് നവജീവൻ പ്രദാനം ചെയ്യുവാൻ തിരഞ്ഞെടുക്കപ്പെട്ട പാത്രമായി വി. ചാവറപിതാവിനെ അങ്ങ് നിയോഗിച്ചുവല്ലോ. പുണ്യപിതാവിനെപോലെ തിരുസഭയെ പ്രതിയുള്ള തീക്ഷ്ണത ഞങ്ങളിലും ജ്വലിപ്പിക്കണമേ. പ. ആത്മാവിന്റെ മേലൊപ്പുള്ള മനുഷ്യൻ എന്ന് അറിയപ്പെട്ടിരുന്ന വി. ചാവറ പിതാവിനെ പോലെ, ഞങ്ങളും പ. ആത്മ വരദാന ഫലങ്ങളാൽ നിറഞ്ഞ് പ്രവർത്തിക്കുവാൻ കൃപ ചെയ്യണമേ അങ്ങനെ അനുദിനം സഭയെ പണിതുയർത്താൻ,

വിശുദ്ധിയുടെ വക്താക്കളാകുവാൻ ഞങ്ങൾക്ക് ഇടവരുത്തണമെ.

ആമ്മേൻ.